File No.EXC/3380/2020-XM5

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 28/12/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

## സർക്കുലർ

### എക്സൈസ് വകുപ്പിൽ ഓഫീസ് ഷിഫ്റ്റിംങുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. എല്ലാ ജില്ലാ മേധാവികളും മുൻകൂർ അനുമതി വാങ്ങി മാത്രമേ അധികാരനിയോഗ പരിധിക്കു മുകളിൽ വരുന്ന തുകയ്ക്കുള്ള പ്രവർത്തികൾ ചെയ്യാൻ പാടുള്ളൂ .

2. ഓഫീസ് ഷിഫ്റ്റിംങുമായി ബന്ധപ്പെട്ടുള്ള ചെലവു തുകയ്ക്കായി അപേക്ഷിക്കുന്ന സന്ദർഭങ്ങളിൽ കയറ്റിറക്കു കൂലി ഇനത്തിൽ ജില്ലാ ലേബർ വകുപ്പ് അംഗീകരിച്ച നിരക്കും, വാഹനകൂലി ഇനത്തിൽ മോട്ടോർ വാഹന വകുപ്പ് അംഗീകരിച്ച നിരക്കുമാണ് ക്ലെയിം ചെയ്തിരിക്കുന്നതെന്ന് ജില്ലാ മേധാവി സാക്ഷ്യപ്പെടുത്തി അയയ്ക്കേണ്ടതാണ്.

3. പഴയ കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് ഓഫീസിൻറെ പ്രവർത്തനം മാറ്റുന്ന വേളയിൽ പഴയ ഓഫീസിൽ നിന്നും മാറ്റുന്ന തൊണ്ടി സാധനങ്ങളുടെയും , ഫർണിച്ചറുകളുടെയും, ഓഫീസ് സാധനങ്ങളുടെയും തരം തിരിച്ചുള്ള ലിസ്റ്റും , ആയതിനോരോന്നിനും ജില്ലാ ലേബർ വകുപ്പ് അംഗീകരിച്ച നിരക്കും തമ്മിൽ താരതമ്യം ചെയ്ത് പട്ടിക തയ്യാറാക്കി സമർപ്പിക്കണം. ( ലേബർ വകുപ്പിൻറെ നിരക്ക് ഇല്ലാത്ത സാധനങ്ങൾക്ക് ക്വട്ടേഷനിൽ ഐറ്റം തിരിച്ച് തുക കാണിക്കേണ്ടതാണ്)

4. പഴയ ഓഫീസിൽ നിന്നും പുതിയ ഓഫീസിലേക്ക് സാധനങ്ങൾ മാറ്റുവാൻ ഉപയോഗിക്കുന്ന വാഹനത്തിൻറെ വിവരം , പഴയ ഓഫീസിൽ നിന്നും പുതിയ ഓഫീസിലേക്കുള്ള ദൂരം , എത്ര ട്രിപ്പുകളിലായിട്ടാണ് സാധനങ്ങൾ മാറ്റുന്നത്, ഓരോ ട്രിപ്പിനുമുള്ള നിരക്ക് എന്നിവ സംബന്ധിച്ച വിവരവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. കയറ്റിറക്കു കൂലി ഇനത്തിലുള്ള പ്രവർത്തികളും , വാഹനകൂലി ഇനത്തിലുള്ള പ്രവർത്തികളും മറ്റും, ക്വട്ടേഷനുകൾ വാങ്ങി അനുമതി വാങ്ങി മാത്രം ചെയ്യേണ്ടതാണ്.

6. അപേക്ഷയോടൊപ്പം ലഭ്യമാക്കുന്ന ബില്ലുകളുടെയും, വൌച്ചറുകളുടെയും പകർപ്പുകളിൽ ജില്ലാ മേധാവി സാക്ഷ്യപ്പെടുത്തൽ നടത്തി നൽകേണ്ടതാണ്.

Signature valid
Digitally signed by D RAJEEV IOFS
Date: 2020.12.28 16:50:34 IST
Reason: Approved

RAJEEV D.
ADDITIONAL EXCISE COMMISSIONER

പകർപ്പ്:
ജോയിൻറ് എക്സൈസ് കമ്മീഷണർ (എല്ലാം )
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം )